# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3898** 31.1.2014- **ലെ മറുപടിക്ക്**

## വാറ്റ് രജിസ്ട്രേഷൻ-ഒറ്റത്തവണ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി.എ. മാധവൻ<br>ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. എ.റ്റി. ജോർജ്<br>ശ്രീ. കെ. ശിവദാസൻ നായർ | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവന നിർമ്മാണവും വകുപ്പു മന്ത്രി) | |
| (എ) | വാണിജ്യനികുതി വകുപ്പ് നടപ്പാക്കുന്ന വാറ്റ് രജിസ്ട്രേഷൻ ഒറ്റത്തവണ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) | ഉണ്ട്. വാറ്റ് രജിസ്ട്രേഷൻ എടുക്കുവാൻ ബാദ്ധ്യതയുള്ളവർ സ്വമേധയാ രജിസ്ട്രേഷൻ എടുക്കുന്നതിനായി "പുതുതായി രജിസ്റ്റർ ചെയ്യപ്പെടുന്നവർക്കുള്ള ഒറ്റത്തവണ പ്രോത്സാഹനം" എന്ന പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഏപ്രിൽ 1, 2013 മുതൽ സെപ്പംബർ 30, 2013 വരെയായിരുന്നു ഈ പദ്ധതിയുടെ കാലാവധി. എന്നാൽ കാലാവധി ആഗസ്റ്റ് 31, 2014 വരെയാക്കി നീട്ടുവാൻ ഉദ്ദേശിക്കുന്നു. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ വ്യക്തമാക്കാമോ ; | (ബി) | മൂല്യ വർദ്ധിത നികുതി ഒരു ബഹുതല നികുതി സമ്പ്രദായമാണ്. ആദ്യഘട്ട വിൽപനയ്ക്കുശേഷം പിന്നീട് വരുന്ന ഓരോ ഘട്ടത്തിലും മൂല്യവർദ്ധനവിന്റെ അടിസ്ഥാനത്തിലാണ് നികുതി. രജിസ്ട്രേഷനെടുക്കാൻ ബാദ്ധ്യതയുള്ളവർ രജിസ്ട്രേഷനെടുക്കാതിരിക്കുന്നതു കാരണം ആ വിൽപനയിന്മേലുള്ള മൂല്യവർദ്ധിത നികുതിയിൽ നിന്നും രക്ഷപ്പെടുന്നു. രജിസ്ട്രേഷനെടുക്കാത്ത ഇത്തരം ഡീലർമാരെ മൊത്തവ്യാപാരികൾ, അവരുടെ കണക്കിൽപ്പെടാത്ത ചരക്കുകളുടെ വിൽപനയ്ക്കുള്ള മാർഗ്ഗമായി ഉപയോഗിക്കാൻ സാധ്യതയുണ്ട്. ഇത്തരം പ്രവണതകൾ തടയുന്നതിനും നികുതി സ്രോതസ്സുകൾ വിശാലമാക്കുന്നതിനും വേണ്ടിയാണ് ഈ പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | എന്തെല്ലാം ആനുകൂല്യങ്ങളും സൗകര്യങ്ങളുമാണ് പ്രസ്തുത പദ്ധതി മുഖേന വ്യാപാരികൾക്ക് ലഭിക്കുന്നത് ; വിശദമാക്കുമോ ; | (സി) | ഈ പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന വ്യാപാരികളെ മുൻപുള്ള നികുതി ബാദ്ധ്യതയിൽ നിന്നും പൂർണ്ണമായി ഒഴിവാക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ചില വ്യവസ്ഥകൾക്ക് വിധേയമായി ഇവരുടെ മുൻകാല നികുതി ബാദ്ധ്യതയെപ്പറ്റി അന്വേഷണവും ഉണ്ടായിരിക്കുന്നതല്ല. ഇറക്കുമതിക്കാർ, ഉത്പാദകർ, കരാർ പണിക്കാർ രജിസ്ട്രേഷൻ എടുക്കാത്തതിനും നികുതി അടയ്ക്കാത്തതിനും 1.04.2013-ന് മുൻപ് ആരംഭിച്ച വകുപ്പുതല നടപടി നേരിടുന്ന ഡീലർമാർക്കും ഈ പദ്ധതി ബാധകമായിരിക്കുകയില്ല. |
| (ഡി) | പ്രസ്തുത പദ്ധതി പ്രാബല്യത്തിൽ വരുത്തുന്നതിന് ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കാമോ ? | (ഡി) | ഈ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി വ്യാപാരികളെ ബോധവൽകരിക്കുന്നതിനായി വിവിധ വ്യാപാര സംഘടനകളുടെ സഹായത്തോടെ ബോധവൽക്കരണ പരിപാടികൾ ജില്ലാതലങ്ങളിൽ സംഘടിപ്പിച്ചിരുന്നു. കൂടാതെ വിവിധ വാർത്താ മാദ്ധ്യമങ്ങളിലൂടെയും പരസ്യങ്ങൾ നൽകി ബോധവൽക്കരിക്കാനുള്ള നടപടിയും സ്വീകരിച്ചിരുന്നു. ഇതിനുള്ള കാലാവധി ആഗസ്റ്റ് 31, 2014 വരെ ദീർഘിപ്പിക്കുവാനും ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ